പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 112

# 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 112

**2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ**

639/2012

# 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

ലൈബ്രറി കൗൺസിലുകളുടെകീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ വിനിയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—ലൈബ്രറി കൗൺസിലുകളുടെകീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ വിനിയോഗി ക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തി മൂന്നാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത്, സർക്കാർ, ഗസറ്റ് വിജ്ഞാപനംവഴി, നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) 'ലൈബ്രറി കൗൺസിലുകൾ' എന്നാൽ 1989-ലെ കേരള പബ്ലിക് ലൈബ്രറീസ് (കേരള ഗ്രന്ഥശാലാസംഘം) ആക്റ്റിലെ (1989-ലെ 15) 3-ാം വകുപ്പും 10-ാം വകുപ്പും 18-ാം വകുപ്പുംപ്രകാരം യഥാക്രമം രൂപീകരിച്ചിട്ടുള്ള സംസ്ഥാന ലൈബ്രറി കൗൺസിലും ജില്ലാ ലൈബ്രറി കൗൺസിലുകളും താലൂക്ക് ലൈബ്രറി കൗൺസിലുകളും എന്നർത്ഥമാകുന്നു ;

(ബി) 'പബ്ലിക് സർവ്വീസ് കമ്മീഷൻ' എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നർത്ഥമാകുന്നു ;

(സി) 'സർവ്വീസുകൾ' എന്നാൽ ലൈബ്രറി കൗൺസിലുകൾക്കുകീഴിലുള്ള സർവ്വീസുകൾ എന്നർത്ഥമാകുന്നു.

3. പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലകൾ.—(1) സംസ്ഥാന ലൈബ്രറി കൗൺസിലിന് പബ്ലിക് സർവ്വീസ് കമ്മീഷനുമായി,—

(എ) ലൈബ്രറി കൗൺസിലുകളിലെ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും നിയമനക്രമവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ;

(ബി) ലൈബ്രറി കൗൺസിലുകളിലെ തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം വഴി നിയമനം നടത്തുന്നതിന് പാലിക്കേണ്ട തത്വങ്ങളിൻമേലും അങ്ങനെയുള്ള നിയമനങ്ങളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ അനുയോജ്യത സംബന്ധിച്ചും ;

കൂടിയാലോചിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു കാര്യം പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കപ്പെടുന്നിടത്ത് കമ്മീഷൻ ആ കാര്യത്തിൽ സംസ്ഥാന ലൈബ്രറി കൗൺസിലിന് ഉപദേശം നൽകേണ്ടതാണ്.

(3) പബ്ലിക് സർവ്വീസ് കമ്മീഷനും സംസ്ഥാന ലൈബ്രറി കൗൺസിലും തമ്മിൽ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു സംഗതിയിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസമുള്ളപക്ഷം സംസ്ഥാന ലൈബ്രറി കൗൺസിൽ ആ സംഗതി സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും, അതിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ് :

എന്നാൽ സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി ഒരു തീരുമാനമെടുക്കുന്നതിനുമുമ്പ് ആ സംഗതി പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.

4. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന് ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി, പബ്ലിക് സർവ്വീസ് കമ്മീഷനുമായും സംസ്ഥാന ലൈബ്രറി കൗൺസിലുമായും കൂടിയാലോചിച്ച് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ,—

(എ) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്നതിന് സംസ്ഥാന ലൈബ്രറി കൗൺസിൽ അനുവർത്തിക്കേണ്ട നടപടിക്രമത്തിന് ;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്ന ഉദ്ദേശ്യത്തിന് ആനുഷംഗികമോ ആവശ്യമോ ആയ ഏതെങ്കിലും സംഗതിക്ക് ;

(സി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത ഏതെങ്കിലും സംഗതിക്ക് ;

വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റിന്റെകീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം കഴിയാവുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ തുടർച്ചയായി രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും, അത് അപ്രകാരം വയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ആ ചട്ടത്തിൽ

എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാന ലൈബ്രറി കൗൺസിലിലേയും ജില്ലാ ലൈബ്രറി കൗൺസിലുകളിലേയും താലൂക്ക് ലൈബ്രറി കൗൺസിലുകളിലേയും ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച് നടത്തേണ്ടതാണെന്ന് സർക്കാർ തീരുമാനിച്ചു. ലൈബ്രറി കൗൺസിലുകളിലെ സർവ്വീസുകൾ സംസ്ഥാനത്തെ പബ്ലിക് സർവ്വീസുകളുടെ ഭാഗമാകുന്നതല്ല. ആയതിനാൽ, ഭാരതത്തിന്റെ ഭരണഘടനയിലെ 321-ാം അനുച്ഛേദപ്രകാരം, ഉചിതമായ നിയമനിർമ്മാണത്തിലൂടെ ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷനെ അധികാരപ്പെടുത്തേണ്ടതുണ്ട്. കൂടാതെ ലൈബ്രറി കൗൺസിലുകളുടെ സർവ്വീസുകളിലുള്ള തസ്തികകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്കുള്ളിൽ ഉൾപ്പെടുത്തിയാൽ മാത്രമേ ലൈബ്രറി കൗൺസിലുകളിലെ ആഫീസർമാരുടേയും ജീവനക്കാരുടേയും നിയമനവും മറ്റ് സേവന വ്യവസ്ഥകളും സംബന്ധിച്ച കരട് ചട്ടങ്ങളിൻമേൽ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചന സാദ്ധ്യമാകുകയുള്ളൂ. ആയതിനാൽ, പ്രസ്തുത ഉദ്ദേശ്യങ്ങൾക്കായി ഒരു പ്രത്യേക നിയമനിർമ്മാണം കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചു.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ചുള്ള മെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡം, ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷനുമായും സംസ്ഥാന ലൈബ്രറി കൗൺസിലുമായും കൂടിയാലോചിച്ച് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏതു സംഗതികൾ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അവ നടപടി ക്രമങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയുമാണ്. മാത്രമല്ല, ചട്ടങ്ങൾ ഉണ്ടാക്കിയശേഷം അവ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പി. കെ. അബ്ദു റബ്ബ്.